بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 10.07.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് സഅദുബ്നു മുആദ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

അഹ്സാബ് യുദ്ധത്തിനു ശേഷം ബനൂഖുറൈസയുടെ വിശ്വാസവഞ്ചനയ്ക്കുള്ള ശിക്ഷ നൽകാൻ നബി(സ)തിരുമേനിക്ക് ദൈവകല്പനയുണ്ടായി എന്ന കാര്യം ഞാൻ കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നു. അങ്ങനെ യുദ്ധമുണ്ടായി. ബനൂഖുറൈസ സഅദുബ്നു മുആദിന്റെ തീരുമാനത്തിൽ താല്പര്യം പ്രകടിപ്പിച്ചു കൊണ്ട് യുദ്ധത്തിൽ നിന്നും പിൻവാങ്ങാൻ തയ്യാറായി. അങ്ങനെ സഅദുബ്നു മുആദ് വിധി പറയുകയുണ്ടായി. ഈ യുദ്ധത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു;

ഇരുപത് ദിവസങ്ങൾ നീണ്ട അഹ്സാബ് യുദ്ധം കഴിഞ്ഞതിൽ മുസ്ലിംകൾ ആശ്വസിക്കുകയായിരുന്നു. എന്നാൽ ബനൂഖുറൈസയുടെ കാര്യത്തിന് ഇനിയും തീരുമാനമായിരുന്നില്ല. അവരുടെ വിശ്വാസവഞ്ചന അങ്ങനെ അവഗണിച്ചു തള്ളാവുന്ന ഒന്നായിരുന്നില്ല. യുദ്ധത്തിൽ നിന്നും തിരിച്ചെത്തിയപ്പോൾ തന്നെ നബി(സ) തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു; വീടുകളിൽ വിശ്രമിക്കാൻ വരട്ടെ, വൈകുന്നേരത്തിനു മുൻപായി ബനൂഖുറൈസയുടെ കോട്ടയിലെത്തിച്ചേരുക. യഹൂദികൾ കോട്ടയടച്ച് അകത്തിരുന്നു കൊണ്ട് മുസ്ലിംകളുമായി യുദ്ധമാരംഭിച്ചു. അവരിലെ സ്ത്രീകളും യുദ്ധത്തിൽ പങ്കെടുത്തു. ഏതാനും ദിവസത്തെ ഉപരോധത്തിനു ശേഷം ഇനി അധികനാൾ യുദ്ധം തുടരാനാകില്ലെന്ന് യഹൂദികൾക്ക് മനസ്സിലായി. അവരുടെ നേതാക്കൾ, അവരുടെ സുഹൃത്തും ഔസ് ഗോത്രത്തിന്റെ നേതാവുമായിരുന്ന അബൂലുബാബാ അൻസ്വാരിയെ തങ്ങളുടെയടുക്കലേക്ക് കൂടിയാലോചനയ്ക്കായി അയച്ചു തരണമെന്ന ആഗ്രഹം നബി(സ) തിരുമേനിയെ അറിയിച്ചു. തിരുമേനി അബൂലുബാബയെ അവരുടെയടുത്തേക്കയച്ചു. തീരുമാനമെടുക്കുവാനുള്ള അവകാശം വിട്ടു കൊടുത്ത് ആയുധം താഴെവയ്ക്കണമെന്ന മുഹമ്മദിന്റെ(സ) ആവശ്യം ഞങ്ങളംഗീകരിക്കേണമോ എന്ന് അദ്ദേഹത്തോട് അഭിപ്രായം ചോദിച്ചു. അംഗീകരിച്ചു കൊള്ളുക എന്ന് അബൂലുബാബ വായകൊണ്ട് പറഞ്ഞുവെങ്കിലും കഴുത്തിൽ കൈകൊണ്ട് വധിക്കുന്ന ആംഗ്യം കാണിച്ചു. നബി(സ) തിരുമേനി അപ്പോൾ തീരുമാനമറിയിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ അവരുടെ കുറ്റത്തിന് വധശിക്ഷയല്ലാതെ മറ്റൊന്നുമായിരിക്കില്ല വിധി നിശ്ചയിക്കുക എന്നു ധരിച്ച് മറ്റൊന്നും ചിന്തിക്കാതെ അവരോട് ആംഗ്യഭാഷയിൽ സംസാരിച്ചു. ഒടുവിൽ അതു അവരുടെ നാശത്തിൽ കലാശിച്ചു. മുഹമ്മദിന്റെ(സ) തീരുമാനം ഞങ്ങളംഗീകരിക്കുവാൻ തയ്യാറല്ലെന്ന് യഹൂദികൾ പറഞ്ഞു. നബി(സ)തിരുമേനിയുടെ തീരുമാനത്തെ അംഗീകരിച്ചിരുന്നെങ്കിൽ അവർക്കു ലഭിക്കുമായിരുന്ന പരമാവധി ശിക്ഷ മറ്റു യഹൂദി ഗോത്രങ്ങളെപ്പോലെ മദീനയിൽ നിന്നും നാടുകടത്തപ്പെടും എന്നതു മാത്രമായിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ അവർ പറഞ്ഞു, ഞങ്ങൾ മുഹമ്മദിന്റെ(സ) തീരുമാനത്തെ അംഗീകരിക്കുവാൻ തയ്യാറല്ല. മറിച്ച് ഞങ്ങൾ ഞങ്ങളുടെ സഖ്യകക്ഷികളിൽപ്പെട്ട ഔസ് ഗോത്രത്തിലെ നേതാവിന്റെ തീരുമാനത്തെയായിരിക്കും അംഗീകരിക്കുക. അദ്ദേഹം എന്തു തീരുമാനിച്ചാലും ഞങ്ങളത് അംഗീകരിക്കുന്നതാണ്.

നബി(സ) തിരുമേനിയും അവരുടെ ആവശ്യം അംഗീകരിച്ചു. സഅദ്(റ) യഹൂദികളുടെ കോട്ടയുടെ അടുത്തെത്തി. കോട്ടയുടെ ഒരുവശത്ത് ബനൂഖുറൈസ കോട്ടമതിലിനു മുകളിൽനിന്നുകൊണ്ട് സഅദിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. മറു വശത്ത് മുസ്ലിംകളും. സഅദ് ആദ്യം തന്നെ തന്റെ സമുദായത്തോട് ചോദിച്ചു; ഞാനെടുക്കുന്ന തീരുമാനം അംഗീകരിക്കുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നുണ്ടോ? അതെ എന്നവർ പറഞ്ഞു. ശേഷം സഅദ് ബനൂ ഖുറൈസയോട് ചോദിച്ചു; ഞനെടുക്കുന്ന തീരുമാനം നിങ്ങൾ അംഗീകരിക്കുമോ? അവരും സമ്മതം മൂളി. ശേഷം നബി(സ) തിരുമേനി നിലകൊണ്ടിരുന്ന ഭാഗത്തേക്ക് ലജ്ജയോടെ തിരിഞ്ഞുകൊണ്ട് ദൃഷ്ടികൾ കീഴ്പ്പോട്ടാക്കിക്കൊണ്ട് ചോദിച്ചു; നിങ്ങളും പ്രതിജ്ഞ ചെയ്യുന്നുണ്ടോ? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു; അതെ. അങ്ങനെ മൂന്നു കൂട്ടരിൽ നിന്നും പ്രതിജ്ഞയെടുത്ത ശേ

ഷം സഅദ്(റ) ബൈബിളിന്റെ കല്പനപ്രകാരം തീരുമാനം കേൾപ്പിച്ചു. ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; നീ ഒരു നഗരത്തോടു യുദ്ധത്തിനു പോകുമ്പോൾ, ആദ്യം സമാധാന നിർദ്ദേശങ്ങൾ വയ്ക്കുക. സമാധാനം എന്നു മറുപടി പറഞ്ഞ് അവർ നിനക്കു വാതിൽ തുറന്നു തന്നാൽ ആ നഗരത്തിൽ കാണുന്ന എല്ലാ ജനങ്ങളും നിനക്കു നിർബന്ധിത ജോലി ചെയ്തു നിന്നെ സേവിക്കണം. എന്നാൽ നിന്നോട് സമാധാനം ഉണ്ടാക്കാതെ അവർ നിനക്കെതിരെ യുദ്ധം ചെയ്താൽ നീ അതിനെ ഉപരോധിക്കണം. നിന്റെ ദൈവമായ കർത്താവ് അതിനെ നിന്റെ കയ്യിൽ ഏല്പിക്കുമ്പോൾ നീ അതിലെ എല്ലാ പുരുഷന്മാരെയും വാളിന് ഇരയാക്കണം. എന്നാൽ സ്ത്രീകളെയും കുട്ടികളെയും കന്നുകാലികളെയും നഗരത്തിലുള്ള മറ്റ് എല്ലാറ്റിനെയും, അതിലെ സമ്പത്തെല്ലാം കൊള്ളമുതലായി നീ സ്വന്തമാക്കിക്കൊള്ളുക. നിന്റെ ദൈവമായ കർത്താവു നിനക്കു നൽകിയിരിക്കുന്ന ശത്രുക്കളുടെ കൊള്ള മുതലെല്ലാം നിനക്ക് അനുഭവിക്കാം .

ബൈബിളിലെ ഈ വചനങ്ങൾ ഓതിക്കൊണ്ട് ബൈബിൾ അനുസരിച്ചാണ് സഅദ് തീരുമാനമെടുത്തത്. ബനൂഖുറൈസയുടെ സഖ്യകക്ഷിയും അവരുടെ സുഹൃത്തുക്കളിലൊരാളുമായിരുന്ന സഅദ്, യഹൂദികൾ അവരുടെ ജീവനു സംരക്ഷണം നൽകുന്നതായ ഇസ്‌ലാമിക ശരീഅത്തനുസരിച്ചുള്ള നബി(സ) തിരുമേനിയുടെ തീരുമാനത്തെ അംഗീകരിക്കാതിരുന്നപ്പോൾ ഇത്തരം അവസരങ്ങളിൽ പ്രയോഗിക്കാനുള്ള ആവർത്തനപുസ്തകത്തിൽ മൂസ(അ) നൽകിയ നിയമമനുസരിച്ച് യഹൂദികൾക്കായി വിധി പറയുകയുണ്ടായി. ആ വിധിയുടെ ഉത്തരവാദി നബി(സ) തിരുമേനിയോ മുസ്‌ലിംകളോ ആയിരുന്നില്ല. മറിച്ച് അതവരുടെ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. അതിന്റെ ഉത്തരവാദിത്വം മൂസാക്കും തൗറാത്തിനും അതുപോലെ ആയിരക്കണക്കിന് വർഷങ്ങളായി മറ്റു സമുദായങ്ങളോട് അപ്രകാരം പെരുമാറിയിരുന്ന യഹൂദികൾക്കുമാണുള്ളത്. നബി(സ)തിരുമേനി കാരുണ്യം കാണിച്ചുകൊണ്ട വിളിച്ചപ്പോൾ മുഹമ്മദിന്റെ(സ)വാക്കുകൾ ഞങ്ങളംഗീകരിക്കാൻ ഒരുക്കമല്ല എന്നു പറഞ്ഞവരാണവർ.

ഹദറത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുകയാണ്, നബി(സ) തിരുമേനി അക്രമം പ്രവർത്തിച്ചിരുന്നു എന്നു പറഞ്ഞ് കൃസ്തീയ ലോകം ഇന്ന് ബഹളം വയ്ക്കുന്നു. എന്നാൽ മറ്റുള്ള അവസരങ്ങളിൽ നബി(സ) തിരുമേനി എന്തുകൊണ്ട് അക്രമം പ്രവർത്തിച്ചില്ല എന്നകാര്യം കൃസ്തീയ ലേഖകർ നോക്കുന്നില്ല. മറ്റൊരിടത്തും അവർക്ക് അക്രമം കാണാൻ കഴിയുന്നില്ല. ശത്രുക്കൾ നബി(സ) തിരുമേനിയുടെ കാരുണ്യത്തിന് തങ്ങളെ സ്വയം വിട്ടു കൊട്ടുത്ത നൂറുകണക്കിന് സംഭവങ്ങളുണ്ട്. അപ്പോഴെല്ലാം നബി(സ) തിരുമേനി അവർക്കു മാപ്പു നൽകി. നബി(സ) തിരുമേനിയുടെ തീരുമാനത്തെ അംഗീകരിക്കാതിരുന്ന ഒരേയൊരവസരമാണിത്. അതുകൊണ്ട് ആരെങ്കിലും അക്രമം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് യഹൂദികൾ തന്നെയാണ്. നബി(സ) തിരുമേനിയുടെ തീരുമാനങ്ങളെ നിഷേധിച്ചുകൊണ്ട് തങ്ങളോടു തന്നെയാണ് അവർ അക്രമം പ്രവർത്തിച്ചത്.

ഈ സംഭവവുമായി ബന്ധപ്പെട്ട് ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് കൂടുതൽ കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം എഴുതുന്നു; ഹദ്റത്ത് സഅദുബ്നു മുആദിന്റെ വിധി കേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു; നിന്റെ ഈ തീരുമാനം അലംഘനീയമായ ഒരുദൈവിക വിധിയായിരുന്നു. നബി(സ) തിരുമേനി സഅദ്(റ)നോട് പറഞ്ഞു; ഖദ് ഹകംത്ത ബിഹുക്മില്ലാഹി അതായത് സഅദ് നിന്റെ തീരുമാനം ദൈവിക വിധിയാണെന്നു മനസ്സിലാകുന്നു. ആർക്കും അതിനെ മാറ്റിമറിക്കാനാകില്ല. ഇതേ അവസരത്തിൽത്തന്നെയാണെന്നു തോന്നുന്നു നബി(സ) തിരുമേനി ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു; യഹൂദികളിൽ നിന്ന് ജനസ്വാധീനമുള്ള പത്തുപേരെങ്കിലും എന്നെ വിശ്വസിക്കുമായിരുന്നെങ്കിൽ ആ മുഴുവൻ സമുദായവും എന്നെ വിശ്വസിക്കുകയും ദൈവശിക്ഷയിൽനിന്നും രക്ഷപ്പെടുകയും ചെയ്യുമെന്ന കാര്യത്തിൽ അല്ലാഹുവിൽ ഞാൻ പ്രതീക്ഷ വയ്ക്കുമായിരുന്നു.

ബനൂഖുറൈസാ സംഭവത്തെക്കുറിച്ച് ചില അമുസ്‌ലിം ചരിത്രകാരന്മാർ നബി(സ) തിരുമേനിക്കെതിരായി അങ്ങേയറ്റം വെറുപ്പുളവാക്കുന്ന രീതിയിൽ ചിത്രീകരിച്ചുകൊണ്ട് കടന്നാക്രമണം നടത്തുകയും നഊദുബില്ലാഹ് അദ്ദേഹത്തെ അക്രമിയും രക്തദാഹിയുമായ ഒരു ഭരണാധികാരിയായി ചിത്രീകരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു; ഈ ആക്ഷേപത്തിന് മറുപടിയെന്നോണം ആദ്യം മനസ്സിലാക്കേണ്ടത് ക്രൂരമായിപ്പോയി എന്നു പറയപ്പെടുന്ന ബനൂഖുറൈസയെക്കുറിച്ചുള്ള ഈ തീരുമാനം ഹദ്റത്ത് സഅദുബ്നു മുആദിന്റേതായിരുന്നു എന്നാണ്. അതൊരിക്കലും നബി(സ)തിരുമേനിയുടെ തീരുമാനമായിരുന്നില്ല. രണ്ടാമതായി മനസ്സിലാക്കേണ്ടത്, അപ്പോഴത്തെ സാഹചര്യം വച്ചു നോക്കുമ്പോൾ ആ തീരുമാനം ഒരിക്കലും അക്രമപരമായിരുന്നില്ല എന്നതാണ്. മൂന്നാമതായി, തീരുമാനം പ്രഖ്യാപിക്കുന്നതിനു മുൻപായി സഅദ് വാങ്ങിയ പ്രതിജ്ഞ പാലിക്കാൻ നബി(സ)തിരുമേനി ബാധ്യസ്ഥനായിരുന്നു. അത് തീർച്ചയായും പ്രാവർത്തികമാക്കേണ്ടതായിരുന്നു. നാലാമതായി, കുറ്റവാളികൾ സ്വയം ആ തീരുമാനം അംഗീകരിച്ചതാണ്. അവർക്ക് യാതൊരു ആക്ഷേപവുമുണ്ടായിരുന്നില്ല. മറിച്ച് അവർ അതിനെ ഒരു ദൈവിക വിധിയായിട്ടാണ് മനസ്സിലാക്കിയത്. കൂടാതെ വിധി പ്രാവർത്തികമാക്കുന്നതിനു മുൻപായി അവർ തടവിലായിരുന്നപ്പോൾ നബി(സ)തിരുമേനി അവർക്കുള്ള താമസത്തിനും ഭക്ഷണത്തിനും വേണ്ട മികച്ച ഏർപ്പാടു ചെ

യ്യുകയുണ്ടായി. അതുപോലെ ഒരു കുറ്റവാളിയെ വധിക്കുമ്പോൾ മറ്റൊരു കുറ്റവാളി അടുത്തുണ്ടാകാൻ പാടുള്ളതല്ല എന്ന കല്പനയും നൽകി. അതിനു പുറമെ ആരെക്കുറിച്ചെങ്കിലും ദയാഹർജി സമർപ്പിക്കപ്പെടുമ്പോൾ അത് ഉടനെ അംഗീകരിക്കുമായിരുന്നു. അത്തരം ആളുകളുടെ ജീവൻ രക്ഷിക്കുക മാത്രമല്ല ചെയ്തത് മറിച്ച് അവരുടെ ഭാര്യാമക്കളെയും സ്വത്തും സാധനങ്ങളെയും അവർക്ക് തിരികെ നൽകുവാനും കല്പിക്കുകയുണ്ടായി. ഒരു കുറ്റവാളിയോട് ഇതിലുപരിയായി കാരുണ്യത്തോടും അലിവോടും കൂടി എങ്ങനെ പെരുമാറാനാണ്? അതുകൊണ്ടു തന്നെ ബനൂഖുറൈസാ സംഭവവുമായി ബന്ധപ്പെട്ട് നിബി(സ) തിരുമേനിയിൽ ഒരാക്ഷേപവും ഉന്നയിക്കുവാൻ സാധ്യമല്ലെന്നുമാത്രമല്ല മറിച്ച് ഈ സംഭവം നബി(സ) തിരുമേനിയുടെ ഉന്നത സ്വഭാവ ഗുണത്തിന്റെയും ഭംഗിയായ സംവിധാന മികവിന്റെയും സഹജമായ കാരുണ്യത്തിന്റെയും ആദരവിന്റെയും സ്പഷ്ടമായ ഒരു ഉദാഹരണമാണെന്നതാണ് യാഥാർത്ഥ്യം. ഈ സംഭവത്തെക്കുറിച്ച് മാർഗോലിയൊത്തിനെപ്പോലെയുള്ള ചരിത്രകാരനുപോലും സഅദിന്റെ തീരുമാനം സാഹചര്യ പ്രേരകമായിരുന്നെന്നും അതല്ലാതെ യാതൊരും നിവൃത്തിയുമുണ്ടായിരുന്നില്ലെ ന്നും സമ്മതിക്കേണ്ടതായി വന്നു.

ഹുസൂർ പറഞ്ഞു; മറ്റൊരു കാര്യം ഓർമ്മവയ്ക്കേണ്ടത്, നബി(സ) തിരുമേനിക്കും യഹൂദികൾക്കുമിടയിൽ ആരംഭത്തിലുണ്ടായിരുന്ന ഉടമ്പടിയിലെ നിബന്ധനകളിൽ ഒരു നിബന്ധന യഹൂദികളെ സംബന്ധിച്ച് എന്തെങ്കിലും വിധികല്പിക്കേണ്ട അവസരം വന്നാൽ അത് അവരുടെ ന്യായപ്രമാണമനുസരിച്ചായിരിക്കുമെന്നായിരുന്നു. ആയതിനാൽ ഈ ഉടമ്പടിയനുസരിച്ച് മൂസായുടെ ന്യായപ്രമാണമനുസരിച്ചാണ് നബി(സ)തിരുമേനി വിധി കല്പിച്ചിരുന്നത് എന്നാണ് ചരിത്രത്തിൽന്നും മനസ്സിലാകുന്നത്.

ബനൂഖുറൈസയുമായി ബന്ധപ്പെട്ട സഅദുബ്നു മുആദിനെക്കുറിച്ചുള്ള വിവരണം ഇത്രയും മതി. സഅദുബ്നു മുആദിനെക്കുറിച്ചുള്ള പരാമർശം അല്പം കൂടി ബാക്കിയുണ്ട്. അത് ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ കഴിഞ്ഞ ദിനങ്ങളിൽ മരണപ്പെട്ട ബഹുമാന്യ ഹാജിയ റുഖിയ ഖാലിദ സാഹിബ, ബഹുനമാന്യരായ സഫിയ ബീഗം സാഹിബ, അലി അഹ്മദ് സാഹിബ്, റഫീഖാ ബീബീ സാഹിബ എന്നിവരെ സ്മരിക്കുകയുണ്ടായി. ലോക്ഡൗണിന്റെ അവസ്ഥയിൽ ജനാസ നമസ്കരിക്കാൻ സാധിക്കാതിരുന്ന ആളുകളെയും ഹുസൂർ അക്കൂട്ടത്തിൽ ഉൾപ്പെടുത്തി ജനായ നമസ്ക്കരിപ്പിക്കുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 10.07020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516